# സനാതന ധർമ്മം

ആൾഡസ് ഹക്സിലിയുടെ സനാതന ധർമം എന്ന പുസ്തകം രചനാരീതികൊണ്ടും ഉള്ളടക്കം കൊണ്ടും സവിശേഷമായ ശ്രദ്ധ അർഹിക്കുന്ന ഒന്നാണ്. അഭിജ്ഞരായ മഹത്വ്യക്തികൾ ഓരോ കാലത്ത് അരുളിചെയ്ത തത്വരത്നങ്ങൾ മാലയിലെന്നവണ്ണം കോർത്തിണക്കിയതാണ് ഈ പുസ്തകം. ഹക്സിലിയുടെ സ്വന്തമായുള്ള ചുരുങ്ങിയ ചിന്താശകലങ്ങളും വ്യാഖ്യാനങ്ങളുമാണ് ഇതിനുപയോഗപ്പെടുത്തിയിരിക്കുന്ന കണ്ണി. ഏതെങ്കിലും ഒരു വിഷയത്തെപ്പറ്റി പലരും പറഞ്ഞത് ശ്രദ്ധാപൂർവം തെരഞ്ഞെടുത്ത് സ്വരൂപിച്ച് ശ്രദ്ധേയമായ ഒരു പുസ്തകം രചിക്കുക എന്നത് മലയാളത്തിൽ ആരെങ്കിലും ചെയ്തിട്ടുള്ളതായി തോന്നുന്നില്ല. ഇംഗ്ലീഷിലാണെങ്കിൽ ഇത് ഏറെക്കുറെ പ്രചരിച്ചിട്ടുള്ള സാഹിത്യശാഖയാണ്.

ബാർട്ട്ലാറിന്റെ 'സുപ്രസിദ്ധമായ ഉദ്ധരിണികൾ' ആണ് ഈ വകുപ്പിൽ ആദ്യത്തേതെന്ന് വിശ്വസിക്കപ്പെടുന്നു. ജീവിതത്തിന്റെ നാനാവശങ്ങളെപ്പറ്റിയുള്ള കവി വചനങ്ങളുടെ സമാഹാരമാണ് ഈ പുസ്തകം. ഇ.വി.ലൂക്കസ് സ്ത്രീകളെ പറ്റി രചിച്ച "അവളുടെ അസാഖ്യം രൂപങ്ങൾ" എന്ന കൃതിയും അദ്ദേഹത്തിന്റെ തന്നെ പുരുഷന്മാരെക്കുറിച്ചുള്ള "നല്ല സുഹൃത്തുക്കൾ" എന്ന പുസ്തകവും ഈ ശാഖയിൽ പെടുന്ന ആദ്യകാല രചനകളാണ്.

ഇനി പുസ്തകത്തിന്റെ ഉള്ളടക്കത്തിലൂടെ ഒരു ഓട്ടപ്രദക്ഷിണമാകാം.

"തത്വമസി" എന്ന ഉപനിഷത് വാക്യമുൾക്കൊള്ളുന്ന പരമോന്നതമായ ആശയമാണ് സനാതന ധർമത്തിന്റെ അടിസ്ഥാനതത്വം. വിഭിന്നമായി കാണപ്പെടുന്നവയുടെ ഐക്യഭാവത്തെ കണ്ടെത്തി തെളിയിക്കുകയാണ് ശാസ്ത്രത്തിന്റെ ലക്ഷ്യം. സകലത്തിനും അന്തര്യാമിയായി സ്ഥിതിചെയ്യുന്നതിന്റെ സ്വഭാവം ബാഹ്യദൃഷ്ടിക്കു ഗോചരമാകുന്നതല്ല. അവനവന്റെ ഉൾക്കണ്ണുകൊണ്ട് മാത്രമേ അതു കാണാൻ കഴിയുകയുള്ളൂ. ശാസ്ത്രജ്ഞാനം അവിടെ നമ്മെ സഹായിക്കുന്നില്ല. അവിടെയോ ഇവിടെയോ എന്നന്വേഷിക്കേണ്ടതില്ല. എല്ലാറ്റിലും അതുണ്ട്, എന്നാണ് 'ഷാങ്-സു' പറയുന്നത്. ദ്വയം (രണ്ട്) എന്ന വാക്കിന്റെ ധാത്വർത്ഥം ചതി, അസത്യം എന്നൊക്കെ ആണെന്ന് ഓർമി

**മഹത്തായ ഒരുകൂട്ടം പുസ്തകങ്ങളെയും അവയുടെ രചയിതാക്കളെയും വായനക്കാർക്ക് സംക്ഷിപ്തമായി പരിചയപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പുതിയ പംക്തി. പുസ്തകങ്ങളുടെ പാരാവാരത്തിൽനിന്നു സ്വന്തം അഭിരുചിക്കനുയോജ്യമായവ കണ്ടെത്തി വായിക്കുന്നതിന് ഒരളവുവരെ ഇതു പ്രയോജനപ്പെടുന്നതാണ്.**

## പുസ്തകക്ഷേത്രം – 1

**അഡ്വ. പി.രാംദാസ്**

ക്കുന്നത് ആശ്ചര്യകരമല്ലേ? ഭയത്തിനുള്ള ഒരേ ഒരു കാരണം രണ്ടെന്നുള്ള ഭാവമാണെന്നു ഋഷിവര്യന്മാർ സമർത്ഥിച്ചിട്ടുണ്ട്.

ഈശ്വരസാക്ഷാൽക്കാരമാണ് ജ്ഞാനത്തിന്റെ പരമോദ്ദേശ്യം. വിനയവും ഹൃദയനൈർമല്യവും ഉള്ളവർക്കു മാത്രമേ ഈശ്വരനെ പറ്റിയുള്ള ജ്ഞാനം കൈവരുകയുള്ളൂ. (സെയിന്റ് കാതറിൻ). നമ്മളാരാണെന്നു അറിയാത്തതുകൊണ്ടാണ്, സ്വർഗരാജ്യം നമ്മിൽ തന്നെയുണ്ടെന്ന ബോധം വരാത്തതുകൊണ്ടാണ്, നമ്മളിത്രയും സ്വാർത്ഥികളും അഹങ്കാരികളുമായി വിഡ്ഢികളെപ്പോലെ പ്രവർത്തിച്ചു പാപികളായി തീരുന്നത് (ഫൈലോ)

പരമാത്മാവും ജീവാത്മാവും ആയുള്ള ബന്ധം, പുംസ്ത്രീ ബന്ധം പോലെയാണ് എന്ന തത്വത്തിന്റെ പ്രകടനമാണ് ശ്രീകൃഷ്ണ ചരിത്രത്തിൽ നാം കാണുന്നത്.

ദൈവത്തെ ഏതു രൂപത്തിലും ആരാധിക്കാവുന്നതാണെങ്കിലും കലർപ്പില്ലാത്ത ഏകത്വമാണ് ദൈവം. ശൂന്യതയിൽനിന്നു ശൂന്യതയിലേക്കു നാം ലയിച്ച് അവസാനം ശേഷിക്കുന്ന ആ ഒന്ന്– അതാണ് ദൈവം (എക്ഹാർട്ട്) അനിർവചനീയമായ ബ്രഹ്മത്തെ നിർവചിക്കേണ്ടത് 'നേതി– നേതി' എന്നാണ് (ഉപനിഷത്)

വ്യക്തിത്വം, വിശുദ്ധി, ദൈവീകത്വം എന്നിവയെപ്പറ്റി ചിന്തിക്കുമ്പോൾ നാം നിത്യജീവിതത്തിൽ പലതത്വങ്ങളും തെളിഞ്ഞുകണ്ട് മനസിലാക്കുന്നു. പരബ്രഹ്മത്തിൽ നിന്ന് വിഭിന്നമായതാണ് സ്വന്തം അസ്തിത്വം എന്ന തെറ്റായ നിത്യബോധമാണ് ബ്രഹ്മജ്ഞാനത്തിനു വിലങ്ങടിച്ചു നില്ക്കുന്നത്. ഒന്നിനുപുറകേ മറ്റൊന്നായി മാറിമാറിക്കൊണ്ടിരിക്കുന്ന അനുഭവങ്ങളുടെ സങ്കരമാണ് മനുഷ്യന്റെ മനസിൽ. ഈ കലങ്ങി മറിച്ചിലിൽ ഒരു വ്യവസ്ഥ വരണമെങ്കിൽ ചിന്തയെ നിയന്ത്രിച്ചാൽ മതിയാകുന്നതല്ല, സദാചാരപരമായ ദിനചര്യയും ആവശ്യമാണ്. ഏതു ഘട്ടത്തിലും മനുഷ്യനെ നിസ്വാർത്ഥനാക്കാനുള്ള ശിക്ഷണമാണ് യോഗത്തിന്റെ ഉദ്ദേശ്യം.

സ്വാർത്ഥം അധികമാകുന്തോറും നമ്മിലുള്ള ദേവാംശം കുറഞ്ഞുപോകുന്നു (സൂഫിസം)...

പരമതത്വത്തെ പറ്റി ഹക്സിലിയുടെ പുസ്തകത്തിലെ ചില ഭാഗങ്ങളാണ് മേലെ ചേർത്തിരിക്കുന്നത്. സ്തുതിയുടെ ബഹുസൂക്ഷ്മമായ പ്രകടനമായി അനുകരണത്തെ കണക്കാക്കാം. അതുകൊണ്ടുതന്നെ പുസ്തകത്തിലെ പല ഭാഗങ്ങളിൽനിന്നുമായി തെരഞ്ഞെടുത്ത വാക്യങ്ങൾ കോർത്തിണക്കിയാണ് ഉള്ളടക്കത്തിന്റെ ഏകദേശ രൂപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈശ്വരനെയും ഈശ്വര സാക്ഷാത്കാരത്തെയുംപറ്റി വിവിധ മതങ്ങളിൽ പറഞ്ഞിട്ടുള്ളതെല്ലാം സൂക്ഷ്മാംശത്തിൽ ഒന്നു തന്നെയാണെന്ന് ഈ പുസ്തകം ഗൗരവപൂർവം വായിക്കാൻ ഉദ്യമിക്കുന്ന ആർക്കും ബോധ്യപ്പെടും.